രായി വത്തിക്കുവാനാണ് അവർ ഈ അവസരം വിനിയോഗിക്കേണ്ടത്. അവർ അതു മനസ്സിലാക്കുമെന്ന് ഞാൻ വിചാരിക്കുന്നു. സർ, സി. പി. യുടെ കാലത്തു് ഇലക്ട്രിസിറ്റി വേഗത്തിൽ ഓടിക്കൊണ്ടിരുന്ന ഭരണയന്ത്രം ഇപ്പോൾ ആവണക്കെണ്ണ ഒഴിച്ചു് ഓടിക്കുവാൻ ഇവർ ശ്രമം നടത്തുന്നതായി പൊതുജനങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നു. ആ രീതിയിലുള്ള അപവാദങ്ങളെ അവസാനിപ്പിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ വിരമിക്കുന്നു.

ശ്രീ. ഇട്ടീര അയ്യക്കൻ: സർ, ഭാവിയെ സംബന്ധിച്ചു് യാതൊരു ആലോചനയും കൂടാതെ, സുസ്ഥിരമായ യാതൊരു സാമ്പത്തികനയവും കൂടാതെ ഇവിടെ ഇന്നു് ഭരണം നടത്തുന്ന കോൺഗ്രസ് ഗവണ്മെൻറ് അവതരിപ്പിച്ചു് പാസിക്കിയിട്ടുള്ള ബഡ്ജറ്റിനു് ഒരു വസാന അനുമതി കൊടുക്കുന്ന ഈ അവസരത്തിൽ ചില പ്രത്യേക കാര്യങ്ങളെപ്പറ്റി എനിക്കു പറയേണ്ടതുണ്ടു്. സർ, എൻറെ മാന്യസ്നേഹിതൻ ശ്രീ. സി. നാരായണപിള്ള പറയുകയുണ്ടായി ഇവിടത്തെ ജനങ്ങളും പുതിയ ചീഫ് സെക്രട്ടറിയുടെ ആഗമനത്തോടുകൂടി ഫയലുകളിൽ വരുന്ന കാലതാമസത്തിനും അനീതികൾക്കും ഒരവസാനം കണ്ടെത്തുമെന്നു് പ്രതിക്ഷിച്ചിരുന്നുവെന്നു്. എന്നാൽ ഞാൻ അദ്ദേഹത്തോടു പറയുന്നു ഇവിടെ കോൺഗ്രസ് ഭരണം വരുന്നതോടുകൂടി ഇവിടത്തെ അന്യായങ്ങൾക്കും അഴിമതികൾക്കും ഒരവസാനം ഉണ്ടാകുമെന്നു് ധാരാളം ജനങ്ങൾ പ്രതീക്ഷിച്ചിരുന്നുവെന്നു്. വളരെ ചുരുങ്ങിയ കാലത്തിനു മുമ്പു് ഈ രാജ്യത്തിലേയ്ക്കു കൊണ്ടുവരാനിടയായ ഒരു ചീഫ് സെക്രട്ടറിയാണോ ഇതിനെല്ലാം കാരണമെന്നു് എനിക്കു് എത്രതന്നെ ആലോചിച്ചിട്ടും മനസ്സിലാക്കാൻ കഴിയുന്നില്ല. സർ, ഫയലുകളുടെ താമസത്തെപ്പറ്റി അദ്ദേഹം പറഞ്ഞു. കോൺഗ്രസ് ഭരണത്തിൻറെ മേധാവികളായ മിനിസ്റ്റർമാരുടെ കയ്യിലിരിക്കുന്ന ഫയലുകളെ സംബന്ധിച്ചു എനിക്കും അതേ ആക്ഷേപംതന്നെ പറയാനുണ്ടു്. ഇങ്ങനെ അധപ്പതിച്ചുപോകുന്ന ഇന്നത്തെ ഭരണസമ്പ്രദായത്തെ സംബന്ധിച്ചു് കോൺഗ്രസ് പാർട്ടിയിലെ ഒരംഗം ഇങ്ങനെ ഒരു വിലാപം നടത്തിക്കണ്ടതിൽ എനിക്കു് വാസ്തവത്തിൽ വളരെ സന്തോഷമുണ്ടു്.

സർ, എനിക്കു പ്രധാനമായി ഒന്നുരണ്ടു കാര്യങ്ങളെപ്പറ്റിയാണു പറയാനുള്ളതു്. ഒന്നു ഇവിടത്തെ ഭക്ഷ്യോൽപാദനത്തെ ഈ ഗവണ്മെൻറ് എപ്രകാരമാണു് നേരിടുന്നതെന്നുള്ളതാണു്. അതു് ഏറ്റവും പ്രധാനമായ ഒരു കാര്യമാണു്. അതിനു് ഇന്നു് ഗവണ്മെൻറ് വളരെ വലിയ ഒരു സംഖ്യ നീക്കിവച്ചിട്ടുമുണ്ടു്. ഏകദേശം വ്യ ഠ ലക്ഷത്തോളം രൂപായാണു ലംപ്സം അലോട്ടുമെൻറായി നീക്കിവച്ചിട്ടുള്ളതു്. എന്നാൽ ഈ സംഖ്യ വിനിയോഗിക്കുന്നതിനു് ആരെയാണു് അധികാരപ്പെടുത്തിയിട്ടുള്ളതെന്നു് ആലോചിക്കുമ്പോൾ ഈ സംഖ്യകൊണ്ടു് ഈ നാട്ടിലെ ജനങ്ങൾക്കു് എന്തെങ്കിലും പ്രയോജനം ഉണ്ടാകുമോ എന്നു ഞാൻ സംശയിക്കുന്നു. കൃഷി സംബന്ധിച്ചു് യാതൊരു പരിചയവുമില്ലാത്ത ഒരാളാണെയാണു് ഫുഡ് പ്രൊഡക്ഷൻ കമ്മറിയുടെ പ്രസിഡണ്ടാക്കിവച്ചുകൊണ്ടു് ഈ രാജ്യത്തെ വിളവു വളർത്തിപ്പിക്കാമെന്നു് കരുതിയിരിക്കുന്നതു്. വ്യക്തിപരമായി പറയുകയാണെങ്കിൽ എനിക്കു് അദ്ദേഹത്തോടു് ബഹുമാനമേയുള്ളൂ. ഈ വ്യ ഠ ലക്ഷം രൂപാ ചെലവാക്കുന്നതുകൊണ്ടു് ഈ രാജ്യത്തു് ഒരു മണി നെല്ലുപോലും കൂടുതലായി ഉണ്ടാക്കാൻ സാധിക്കയില്ലെന്നു് എനിക്കും കൃഷിയെപ്പറ്റി മനസ്സിലാക്കിയിട്ടുള്ളവർക്കും മനസ്സിലാക്കാൻ കഴിയും. ഈ പണം ഏതുപ്രകാരത്തിലാണു് ചെലവാക്കുന്നതെന്നും ചെലവാക്കാൻ പോകുന്നതെന്നും നാം ചിന്തിക്കേണ്ടതാണു്. സർ, ഗവണ്മെൻറ് ഇന്നു എടുത്തു ചാടിയിട്ടുള്ള വമ്പിച്ച പദ്ധതികൾ ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുന്നതിനു് ഫലപ്രദമാകുമോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി ഗവണ്മെൻറ് വൈശ്യരിക്കണ്ടം എന്നൊരു സ്കീം നടപ്പിലാക്കിയിട്ടുണ്ടു്. അവിടെ ട്രാക്ടറുകൾ എന്താണു് പ്രവർത്തിക്കുന്നതെന്നു് ശരിയായി ഒന്നു നോക്കേണ്ടതാണു്. മലമ്പ്രദേശത്തു് മഴവന്നു് ട്രാക്ടറുകൊണ്ടു് കുത്തിമറിച്ചു് വെള്ളവും മണ്ണും ഒലിച്ചുപോകുന്നതിനു് ഇടയാകുന്നുവെന്നല്ലാതെ യാതൊരു പ്രയോജനവും അതുകൊണ്ടു് ഉണ്ടാകുന്നില്ല. അവിടെ മതിരവിതച്ചു. സാധാരണ വേലചെയ്യാത്ത പ്രദേശങ്ങളിൽ കൃഷിക്കാർ വിളയിച്ചിട്ടുള്ളതിൽ കൂടുവായ ഒരു വിളവാണു് അവിടെ ഉണ്ടായതെന്നുള്ളതു് പരിതാപകരമായ ഒരവസ്ഥയാണു്. ഈ അവസ്ഥതന്നെയാണു് നെൽക്കൃഷിയുള്ള പ്രദേശങ്ങളിലും ഉണ്ടാകുന്നതു്.

മിസ്റ്റർ സ്പീക്കർ: ഇതു സംബന്ധിച്ചു് ഈ സഭയുടെ വോട്ടിനായി ഡിമാൻഡ് കൊണ്ടുവന്നപ്പോൾ അതിനെ നികാകരിക്കുന്നതിനു് കഴിയുമായിരുന്നു. അങ്ങനെ ചെയ്യാതി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Speaker]

രുന്ന സ്ഥിതിക്ക് ഈ ബഡ്ജറിലുള്ള പണംകൊണ്ട് ഇന്നയിന്ന കാര്യങ്ങൾ ചെയ്യാൽ കൊള്ളാമെന്ന് നിർദ്ദേശം കൊടുക്കുന്നതിനു മാത്രമേ അവകാശമുള്ളൂ. അതുകൊണ്ട് ഗവ ൺമെൻറിന്റെ കഴിഞ്ഞകാലത്തെ പ്രവർത്തനത്തെ അടിസ്ഥാനമാക്കിയുള്ള ഒരു വാദപ്രതിവാ ദം അനുവദിക്കത്തക്കതല്ല.

ശ്രീ. ഇട്ടീര അമ്മുക്കൻ: ഗവൺമെൻറ് ഈ ടാക്കർ ഉപയോഗിക്കാതെ ഇട്ടാൽകൊ ള്ളാമെന്നാണ് എനിക്കു പറയാനുള്ളത്. ഇറിഗേഷൻ പദ്ധതികൾ കൊണ്ടു വലിയ ഒരു ദോഷം സംഭവിക്കുന്നുണ്ട്. പുഴകളിലുള്ള വെള്ളമത്രയും അടിച്ചു മുന്നാല് പൂ കൃഷി യെടുക്കാൻ ജനങ്ങൾക്കു കൊടുക്കുമ്പോൾ താഴ്ന്നപ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷി നശിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ വലിയ തോതിൽ വെള്ളം അടിക്കുന്ന പമ്പുകൾ ഉണ്ട്. ചാലക്കുടി പുഴയിൽ എട്ടുപത്തു പമ്പുകൾ പ്രവർത്തനം നടത്തുന്നതുകൊണ്ട് അതിനടുത്ത താഴ്ന്ന പ്രദേശങ്ങളായ പുഞ്ചകൃഷി നടത്തുന്ന വളരെയധികം സ്ഥലങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷി നശിക്കാൻ ഇടവന്നിട്ടുണ്ട്. മേജർ ഇറിഗേഷൻ പ്രവർത്തനം ആരംഭിക്കുന്ന തിനു മുമ്പു ഏതെങ്കിലും ഒരു വിദഗ്ധന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ എന്നെനിക്കു ചോദിക്കാനുണ്ട്. കൃഷി ചെയ്യുന്ന ആളുകൾക്കുകൂടി ഒരുപേക്ഷ കൊടുത്താൽ ഫുഡ് പ്രൊ ഡക്ഷൻ കമ്മറിറി പ്രസിഡൻറ് അങ്ങോട്ട് ഓടിയെത്തുകയായി.

മിസ്റ്റർ സ്പീക്കർ: ബഡ്ജറിൽ അനുവദിച്ച തുകകൾ അനുവദിക്കത്തക്കതല്ലെന്നുള്ള അർത്ഥത്തിൽ പ്രസംഗിക്കുന്നതു് അനുവദനീയമല്ലെന്നു മാത്രമല്ല, ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു.

ശ്രീ. എ. കെ. ജോജ്ജ്: മാള തുരുത്തിപ്പാടം മെമ്പർ സന്ദർശിക്കുകയുണ്ടായോ?

ശ്രീ. ഇട്ടീര അമ്മുക്കൻ: അങ്ങനെയുള്ള സന്ദർശനങ്ങളെ അടിസ്ഥാനമാക്കിയാണ് ഞാൻ പറയുന്നതെന്നു് ധരിച്ചാൽ കൊള്ളാം. ഞാൻ ഇറിഗേൻ പദ്ധതികളെപ്പറ്റി പറ യുന്നതു് ഇന്നു നടപ്പിലാക്കുന്ന തരത്തിലുള്ള പമ്പിംഗ് എടുപ്പാടുകൾ നടപ്പിലാക്കിയാൽ വളരെയധികം കൃഷികൾ നശിച്ചുപോകാൻ ഇടയുണ്ടെന്നും ബണ്ടു് ഇട്ട ശേഷമേ വെള്ളം അടിച്ചു് എടുക്കാവു എന്നും ഗവൺമെൻറിനെ ധരിപ്പിക്കാനാണ്.

പിന്നെ ഒരു കാര്യം പറയാനുള്ളതു് വളം വിതരണത്തെ സംബന്ധിച്ചാണ്. ആ ഭാഗ ങ്ങളിലും ഗവൺമെണ്ടിൽനിന്നും കൃഷിക്കാർക്കു വളം വിതരണം ചെയ്യുന്നുണ്ടു്. വാസ്തവത്തിൽ അതത്രയും ചില ഉദ്യോഗസ്ഥന്മാരുടെ സ്നേഹിതന്മാർക്കും പഞ്ചായത്തു പ്രസിഡൻറന്മാരുടെ ലോഹ്യക്കാർക്കും ആണ് കൊടുക്കുന്നതു്. ഇന്നു വളം വിതരണത്തിനുവേണ്ടി നിലക്കടല പ്പിണ്ണാക്കു് ഗവൺമെണ്ടിൽനിന്നും ൧൫ ൫൭ രൂപാ വിലവച്ചു വാങ്ങി ൫൦ ശതമാനം റിഡ ക്ഷൻ പ്രൈസിലാണ് കൃഷിക്കാർക്കു വിതരണം ചെയ്യുന്നതു്. എന്നാൽ ഇന്നു കൊച്ചി മാർക്കറ്റിൽ തൊണ്ണൂറുരൂപായ്ക്കും, നൂറു രൂപായ്ക്കും അതു് വാങ്ങിക്കുവാൻ സാധിക്കും. ഗവ ൺമെണ്ടു് ഈ ൧൫൭ രൂപാ വിലകൊടുക്കുന്നതിന്റെ കാരണമെന്താണെന്നു മനസ്സിലാകു ന്നില്ല. ഈ വളത്തിന്റെ കാര്യത്തിലും വളരെ അധികം ബ്ലാക്ക്മാർക്കറിംഗ് നടക്കുന്നുണ്ട്. ഇന്നത്തെ വളം വിതരണത്തിൽ ബ്ലാക്ക്മാർക്കറ്റുമാത്രമേ ഉള്ളൂ എന്നു പറഞ്ഞാൽ അതു് അ തിശയോക്തിയായിരിക്കയില്ല.

അടുത്തതു് ലാൻഡ് പാളിസിയെസംബന്ധിച്ചാണ്. ഇന്നു് ഇവിടെ ഒരു ഭൂനയക്ക മ്മറിറിയെ നിയമിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പുസിദ്ധാന്തത്തിൽ ഇവരുടെ തീരുമാനം ജനങ്ങൾക്കു് വലുതായ സംശയത്തിനിടകൊടുക്കുന്നുണ്ട്. ഇന്നു് വമ്പിച്ച തോതിൽ അധികം പണം ചെലവുചെയ്തു് കൂടുതൽ ഭൂമി കൃഷിക്കുപയുക്തമാക്കാൻ സാധിക്കുമെന്നുള്ളതു് ഒരു പരമാർത്ഥ മാണ്. എന്നാൽ ഭൂനയക്കമ്മിറിറി നിയമനത്തെ സംബന്ധിച്ചിടത്തോളം അതൊരു എ ലക്ഷൻ സ്റ്റണ്ടാണെന്നും അതു് പ്രചരണത്തിനുവേണ്ടി മാത്രമാണെന്നും അല്ലാതെ കൂടുത ലായി ഒന്നും ഞാൻ അതിൽ കാണുന്നില്ലെന്നും പറയാനാഗ്രഹിക്കുന്നു.

പിന്നെ ഒന്നു പറയാനുള്ളതു് അടുത്തദിവസം വണ്ടൻമേട്ടിൽ ഭൂമി പതിച്ചുകൊടുക്കാൻ പോകുന്നതിനെസംബന്ധിച്ചാണ്. സർ, ഭൂമി ഇല്ലാത്തവർക്ക് അവിടെ പതിച്ചുകൊടുക്ക ന്നതിൽ മുൻഗണന നൽകുന്നതുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. ഭൂമിയില്ലാത്തവർക്ക് ഭൂമി കൊടുക്കേണ്ടതാണെന്നു് ഞാനും സമ്മതിക്കുന്നു. എന്നാൽ ഭൂമി യില്ലാത്തവർക്ക് ഈ വണ്ടൻമേട്ടിൽ ഭൂമി കൊടുത്താൽ അവിടെ താമസിച്ചു കൃഷിചെയ്യുന്ന തിനു് വളരെ അസൗകര്യമുള്ളതുകൊണ്ടു് അവർ അവിടെ കൃഷിയൊന്നും ചെയ്യുകയില്ല. പതിച്ചുകൊടുക്കുന്ന ഭൂമി മുഴുവൻ ക്രമേണ മുതലാളിമാരുടെ കൈയിൽചെന്നു ചേരുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

ള്ളതും ഒരു പരമാർത്ഥമാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഈ മുപ്പതിനായിരമോ അമ്പതിനായിരമോ അവിടെ പതിച്ചുകൊടുക്കുന്നതിൽ ഭേദം ഒരു പത്തേക്കർവീതം കൃഷിക്കുപയുക്തമായ സ്ഥലങ്ങളും നോക്കിക്കൊടുക്കണമെന്നാണ്.

ശ്രീ. പി. ടി. ചാക്കോ: വണ്ടൻമേട്ടിൽ ഇപ്പോഴത്തെ പദ്ധതി അനുസരിച്ച് ഉദ്ദേശിച്ചിരിക്കുന്ന സ്ഥലം യാതൊരു കൃഷിക്കും പറ്റിയതല്ലെന്ന മെമ്പർക്കറിയാമോ?

ശ്രീ. ഇട്ടീര അമ്മുക്കൻ: പല കൃഷിക്കും പറ്റിയതാണെന്നാണ് എന്റെ അറിവ്.

ശ്രീ. തയ്യിൽ കണ്ണതിത്തൊമ്മൻ: ആ പ്രദേശങ്ങളും വെറും പുല്ലുമേടുകളും അല്ലേ?

ശ്രീ. ഇട്ടീര അമ്മുക്കൻ: പുല്ലുമേടുകളാണെങ്കിൽതന്നെ അതു് മനുഷ്യയത്നംകൊണ്ട് വളരെ നല്ല സ്ഥലങ്ങളായിത്തീരും.

ശ്രീ. തയ്യിൽ കണ്ണതിത്തൊമ്മൻ: അവിടെ മണ്ണെല്ലാം ഒലിച്ചു കീഴോട്ട പോകുന്നതുകൊണ്ട് കൃഷിക്ക് പറ്റിയതാണെന്ന വിചാരിക്കുന്നുണ്ടോ?

ശ്രീ. ഇട്ടീര അമ്മുക്കൻ: അതു് ലേലം വിളിച്ചുനോക്കുകയാണെങ്കിൽ അപ്പോൾ മനസ്സിലാകും.

ശ്രീ. എ. കെ. പാച്ചുപിള്ള: കഴിഞ്ഞ ഒരു വർഷമായിട്ട് ഗവണ്മെണ്ട് ഒരു നൂറ് ഏക്കർ ലേലത്തിൽ വച്ചിട്ട അതു് പിടിക്കാൻ ആരും ഉണ്ടായിരുന്നില്ലെന്നറിയാമോ?

ശ്രീ. ഇട്ടീര അമ്മുക്കൻ: അതൊരുപക്ഷേ ലേലം ചെയ്യുന്നവരുടെ കൊള്ളരുതായ്മ ആണെന്നാണ് തോന്നുന്നതു്. അതുകൊണ്ട് ഭൂമിയില്ലാത്തവർക്ക് അവിടെ ഭൂമി കൊടുക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നാണ് ഞാൻ പറയുന്നതു്. അങ്ങിനെ ഭൂമി കൊടുക്കുന്നുണ്ടെങ്കിൽ അതു് താഴ്വരകളിൽ എവിടെ എങ്കിലും കൊടുത്താൽ വളരെ പ്രയോജനകരമായിരിക്കും.

ദേവികുളത്തു സ്ഥലം കൊടുത്ത കാര്യത്തെപ്പറ്റി ഞാൻ തല്ക്കാലം പറയുന്നില്ല. അതിൽ വളരെ അധികം അഴിമതി ഉണ്ടെന്നു പറയുന്നതു കേട്ടു.

സർ, പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കാൻ പോകുന്നതായും അതിലേയ്ക്ക് ഒരു നല്ല സംഖ്യ ഈ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നതായും കണ്ടു. അതുകൊണ്ട് ആക്കും ഒരു പ്രയോജനവുമില്ല. അതിനു് കുറെ സംഖ്യ ചെലവാക്കാമെന്നല്ലാതെ അതുകൊണ്ട് രാജ്യത്തിനു് കൂടുതലായി സമാധാനം ഉണ്ടാകുമെന്നു ആരും പ്രതീക്ഷിക്കുവാൻ നിവൃത്തിയില്ല.

അടുത്തതു് നാക്കണ്ടൈസേഷനെ സംബന്ധിച്ചാണ് പറയുവാനുള്ളതു്, അതു് സംബന്ധിച്ചു വളരെ അധികം പ്രസംഗിച്ചുകഴിഞ്ഞിട്ടുള്ളതുകൊണ്ട് കൂടുതലായി ഞാൻ പറയുന്നില്ല. ഈ ടാൻസ്പോർട്ട് ഒരു വ്യവസായമെന്ന നിലയിൽ കണക്കാക്കാവുന്ന ഒന്നല്ല. അതിനെ ദേശീകരിച്ചതുകൊണ്ട് ൪൭ ലക്ഷം രൂപാ ആദായമുണ്ടെന്നു ബഹു. മന്ത്രി പ്രസ്താവിക്കയുണ്ടായി. എന്നാൽ അതു് ഏതെങ്കിലും സ്വകാര്യവ്യക്തി നടത്തിയിരുന്നെങ്കിൽ ഇതിൽ കൂടുതൽ വരവു് ഗവണ്മെണ്ടിനുണ്ടാകുമായിരുന്നു.

മറ്റൊരുകാര്യം പറയാനുള്ളതിനു് ഇവിടെ അനുമതി ലഭിക്കുമോ എന്നു് എനിക്ക് സംശയമാണ്. അതായതു് ഈ രാജ്യത്തെ മുതലെടുപ്പിൽനിന്നു് ൪൭ ലക്ഷം രൂപാ ദേവസ്വം ബോർഡിലേക്ക് കൊടുക്കുന്ന സമ്പ്രദായത്തെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. അതു് ഗവണ്മെണ്ടിനു്.....

മി. സ്പീക്കർ: അതിനു് അനുമതി ലഭിക്കുന്നതിനെപ്പറ്റി ഉണ്ടായ ആ സംശയം ശരിയാണു് (ചിരി).

ശ്രീ. ഇട്ടീര അമ്മുക്കൻ: കൊടുത്തുപോയ കാര്യമാണു്. അതിനെപ്പറ്റി പറഞ്ഞിട്ടു കാര്യമില്ല. പക്ഷേ മേലാൽ ചെയ്യാതിരിക്കണം. ദേവസ്വങ്ങൾക്കു വളരെ ഭൂമികളും ഉണ്ടു്. അവയിൽനിന്നും വളരെ അധികം സംഖ്യ പാട്ടമായും മിച്ചവാരമായിട്ടും കിട്ടിക്കൊണ്ടിരുന്നു. എന്നാൽ അന്നു ഭരിച്ചിരുന്ന ദിവാൻജിമാരും തമ്പുരാന്മാരും പാട്ടമിച്ചവാരവും ഗവണ്മെണ്ടിലേയ്ക്കു് കൊടുക്കുന്നതിനു് എപ്പോഴും ചെയ്തതിനാൽ അതു് ഗവണ്മെണ്ടിന്റെ അധീനതയിൽ വന്നു. ആ ഭൂമി ഏതെല്ലാമാണെന്നും അതനുഭവിക്കുന്നവരാരാണെന്നും കണ്ടുപിടിച്ചു് ദേവസ്വത്തിലേക്ക് ചെല്ലേണ്ടതു് എത്ര രൂപാ എത്ര അണ എന്നു കണക്കാക്കി അതു് ഒരു നൂറു ലക്ഷമാണെങ്കിലും പിരിച്ചുകൊടുക്കേണ്ടതു് ഗവണ്മെണ്ടിന്റെ ധാർമ്മികമുതലയാണു്. അതു് കണ്ടുപിടിക്കേണ്ടതുമാണു്. അല്ലാതെ കത്തുന്ന പുരയ്ക്കു് ഊതുന്ന കഴക്കോൽ എന്നപോലെ.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മെമ്പർ പറഞ്ഞതെന്താണ്? ദേവസ്വം ബോർഡിലേക്ക് പണം അനുവദിച്ചതു് തെറ്റാണെന്നാണോ? അതിനെപ്പറ്റിയുള്ള ചർച്ച് അനുവദിക്കത്തക്കതല്ല.

ശ്രീ. ഇട്ടീര അബൂക്കൻ: ഞാൻ പറയുന്നതു് അതിലേക്ക് ഒരു കമ്മിറ്റി നിയമിക്കണമെന്നാണു്. വളരെ അധികം കമ്മിറ്റികൾ ഇപ്പോൾ നിയമിച്ചുകഴിഞ്ഞിട്ടുള്ള സ്ഥിതിക്കു് ഇതു പ്രാധാന്യമർഹിക്കുന്ന ഒരു കാര്യം.....

മി. സ്പീക്കർ: പല കമ്മിറ്റികളേയും നിയമിച്ചിട്ടുണ്ടു്. അതു് തെറ്റാണെന്നാണോ പറയുന്നതു്?

ശ്രീ. ഇട്ടീര അബൂക്കൻ: ഞാൻ പറയുന്നതു് ഈ കാര്യത്തിലേക്കു് ഒരു പ്രത്യേക കമ്മിറ്റിയെ ഗവൺമെന്റിൽനിന്നും നിയമിക്കണമെന്നാണു്. സർ, മറ്റൊരു കാര്യം പറയാനുള്ളതു് വീടുകൾ ഉണ്ടാക്കിക്കൊടുക്കാനെന്നും പറഞ്ഞു കുറെ സംഖ്യ അലോട്ടുചെയ്തിട്ടുള്ളതിനെപ്പറ്റിയാണു്.

മി. സ്പീക്കർ: വീടുകൾക്കായിട്ടു തുക അനുവദിച്ചിട്ടുണ്ടു്. അതു അനുവദിച്ചതു് ഒന്നുകിൽ ശരിയാണു് അല്ലെങ്കിൽ തെറ്റാണു് എന്നു് പറയാം. ഒരിക്കൽ അനുവദിച്ചതിനെപ്പറ്റി പിന്നീടു് പറയാൻ പാടില്ല. വീടുകൾ ഇന്നവിധത്തിൽ ഉണ്ടാക്കണമെന്നെല്ലാം നിർദ്ദേശങ്ങൾ കൊടുക്കാമെന്നല്ലാതെ പണം അനുവദിക്കാൻ പാടില്ല എന്നു അഭിപ്രായം വരത്തക്കവിധത്തിലുള്ള പ്രസ്താവന അനുവദിക്കാൻ നിവൃത്തിയില്ല. അതിനു് മുഖവുരയായി പണം അനുവദിച്ചതു് തെറ്റായിപ്പോയി എന്നഭിപ്രായം വരത്തക്കവിധത്തിൽ നിർദ്ദേശങ്ങൾ കൊടുക്കുന്നതിനു് പകരം കൊടുത്തുപോയതിനെ ആക്ഷേപിക്കുന്നതായ പ്രസ്താവനകൾ അനുവദിക്കാൻ സാധ്യമല്ല.

ശ്രീ. ഇട്ടീര അബൂക്കൻ: ഇന്നു് ഗവൺമെണ്ടു് അനുവദിച്ചുവച്ചിരിക്കുന്നവിധം വീടുകൾ കെട്ടിയാൽ മതി.

അടുത്തതായി പൊതുമരാമത്തു വേലകൾക്കായി നീക്കിവച്ചിട്ടുള്ള സംഖ്യകളെപ്പറ്റി രണ്ടു വാക്കു പറയണമെന്നു വിചാരിക്കുന്നു. അതു് സംബന്ധിച്ചു കൊച്ചീക്കാരായ ഞങ്ങൾക്കു് വലിയ ആക്ഷേപമുണ്ടു്. വളരെ ചുരുങ്ങിയ ഒരു സംഖ്യ മാത്രമേ കൊച്ചി ഡിവിഷനിലേക്കു് അനുവദിച്ചിട്ടുള്ളു എന്നു പറയാതെ തരമില്ല. നികുതി കൊടുക്കുന്ന തോതു് വച്ചുനോക്കിയാൽ കഷ്ടിച്ചു ഒരു ഇരട്ടിയാണു് കൊച്ചീക്കാർ കരംകൊടുക്കുന്നതു്. ഈ കാര്യം ബഹു. പബ്ലിക്ക് വർക്സ് മന്ത്രിയുടെ ശ്രദ്ധയിൽ പെടുമെന്നു ഞാൻ വിചാരിക്കുന്നു.

ഇനി നെല്ലെടുപ്പുസംബന്ധിച്ചു് ഇന്നു തിരുവിതാംകൂറിൽ നടപ്പിലുള്ള പദ്ധതി വിജയകരമല്ലെന്നും കൊച്ചിയിലെ സമ്പ്രദായം ഇവിടേയും നടപ്പിലാക്കാൻ പോകുന്നുവെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു് കുറെ ആശ്വാസകരമാണു്. സർ, മറ്റൊരു കാര്യം എനിക്കു് പറയുവാനുള്ളതു് കമ്പനികളിൽ ഷെയർ എടുക്കാൻ കുറെ പണം അലോട്ടുചെയ്തിട്ടുള്ളതിനെപ്പറ്റിയാണു്. എടുത്തിട്ടുള്ള ഷെയറിനെ സംബന്ധിച്ചുതന്നെ ഞാൻ എതിരാണു്. ഇപ്പോൾ അലോട്ടുചെയ്തിട്ടുള്ള ആ സംഖ്യ മുടക്കി ഷെയർ എടുക്കുന്നതിനു് മുമ്പു് ഏതെങ്കിലും വിദഗ്ദ്ധന്മാരെക്കൊണ്ടു് അഭിപ്രായം അറിഞ്ഞതിനുശേഷമല്ലാതെ യാതൊരു പുതിയ കമ്പനികളിലും ഷെയർ എടുക്കരുതു്. നമ്മുടെ പണം മുടക്കി എടുത്തിട്ടുള്ള ഷെയറിന്റെ വിലതന്നെ മടക്കി എടുക്കാൻ വല്ല മാർഗ്ഗവും ഉണ്ടോ എന്നു പര്യാലോചിക്കുന്നതിനായി ഞാൻ ഗവൺമെണ്ടിനെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

മി. സ്പീക്കർ: ഓരോ ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിച്ചും ഇങ്ങനെ വിസ്തരിച്ചു പറയുവാൻ അനുവദിക്കുന്നതല്ല.

ശ്രീ. ഇട്ടീര അബൂക്കൻ: ഇന്നു് ഭരണം നടത്തുന്ന ഗവൺമെണ്ടിന്റെ നയത്തെ അടിസ്ഥാനമാക്കി ബഡ്ജറ്റിൽ കൊടുത്തിട്ടുള്ള ഓരോ ഹെഡുകളും എടുത്തു പരിശോധിക്കുമ്പോൾ ഈ ഗവൺമെണ്ടു് ഒരു ഫാസിസ്റ്റു് ഭരണം ഉണ്ടാക്കാൻ ശ്രമിക്കുകയാണോ എന്നു് ഞാൻ സംശയിക്കുന്നു. ഇവിടെ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന പബ്ലിക്ക് സേഫ്റ്റി മെഷേഴ്സ് ബില്ലിനെ സംബന്ധിച്ചു.....

മി. സ്പീക്കർ: അതേസംബന്ധിച്ചു ആ ബിൽ വരുമ്പോൾ സംസാരിക്കാം.

ശ്രീ. ഇട്ടീര അബൂക്കൻ: അതിനു് അവസരം കിട്ടാത്തതുകൊണ്ടു് ഇപ്പോൾ പറഞ്ഞതാണു്.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ മാന്യ സ്നേഹിതൻ ശ്രീ. സി. നാരായണപിള്ള ഇവിടെ പ്രസ്താവിച്ചതുപോലെ ഇന്നീ ഗവണ്മെണ്ടിന്റെ മാലിന്യങ്ങളെല്ലാം നീക്കി ജനങ്ങൾക്കും സാധുക്കളായ കർഷകർക്കും ഉപകാരപ്രദമായ ഒരു നയം ഈ ഗവണ്മെണ്ട് സ്വീകരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

Sri. P. Balakrishnan Tampi : Sir, I wish to initiate a debate on the excessive manpower of the State by following the practice of the House of Commons, where a subject like that was discussed in 1948 and talked out. I think it would be very useful for this House if they divert their attention to that subject.

Sahib Bahadur A. Abdul Razaak : Does the Hon'ble Member mean 'creative power' of man or man-power?

Sri. P. Balakrishnan Tampi : I refer to manpower in the English sense of that term. Now the manpower of our State is its strength as well as its weakness. It is our assest as well as our liability. It is the duty of the State to see that the manpower of the State is utilised for the good of the State. How can it be done?

Therefore, I would suggest that this Government should take up the matter with the Central Government so that for the defence services especially our people might be particularly chosen, and if possible, in other departments of the Central Government also.

Secondly, I would suggest that assisted emigration or assisted colonization must be initiated by the State. Unless the people of the State are encouraged to migrate to less populated States in the Republic of India. the problem would become very difficult, to speak the least, for those who are responsible for the maintenance of law and order in the State.

Another method of using the manpower is to initiate legislation for say, conscript labour, for enlistment into say, public works, etc. In an ancient economy, it was possible to use the manpower of a village, by custom, for minor repairs of tanks, roads, etc. With the inroad of modern ideas of civilisation and individual liberty, the old bonds dropped off, with the result that in every village, works of public utility like minor irrigation, road repair, etc., are left uncared for. It would be indeed a tall order if you ask the Government to repair all these things at their cost. Therefore, I would suggest that legislation be initiated to conscript labour in the State. From the able bodied Cabinet Ministers down to the poorest man in the street—all must be allowed to do manual labour for a few days in the year. If there is that legislation, Sir, you can indirectly combat certain nefarious political doctrines also, which tell us that the white coloured people, the soft hands, stand in the way of progress. If every man in the State is honourably initiated into ordinary labour by some such legislation, we could certainly resist the dangerous doctrines now promulgated by certain parties. That is a matter in which all sections of the south can unite. After all, the differences between the south and the rest are more imaginary than real. So far as the future of the State, and the progress of the State is concerned, I am sure that all sections of the House are unanimous, however much they differ in the particular remedies they suggest. Therefore, I would suggest that before the year is out, some legislation should be initiated by the State making it possible for the public authorities to conscript labour for public purposes for a certain period of the year. This is only a suggestion which I can give to the House, on an occasion like this, because, the period allotted for discussion on the Appropriation Bill is supposed to be the hayday and carmagnole of the backbenchers in the House of Commons, since the frontbenchers are under a certain disability then, to discuss under particular methods and modes This is the only occasion when backbenchers can air their views. Therefore it is that I utilise this opportunity to give this suggestions to this House.

ശ്രീ. കുട്ടൻ കുഞ്ഞിത്തൊമ്മൻ: സർ, ബഡ്ജറ്റിൽ ഗവണ്മെണ്ടിനു് അനുവദിച്ചിട്ടുള്ളതായ സംഖ്യ ജനക്ഷേമകരമായവിധം വിനിയോഗിക്കുന്നതിനു് ചില നിർദ്ദേശങ്ങൾ തരുവാനാണു് ഞാൻ ഉദ്ദേശിക്കുന്നതു്. അനുവദിച്ചതന്ന സംഖ്യ ആവശ്യമില്ലാത്തതാണെന്നു് ഞാൻ പറയുന്നില്ല. നമ്മുടെ ഏറ്റവും പരിമിതമായ സാമ്പത്തിക കഴിവുകളെ ജനങ്ങൾക്കു ഏറ്റവും പ്രയോജനകരമായ വിധത്തിൽ വിനിയോഗിച്ചില്ലെങ്കിൽ ജനക്ഷേമം പുലർത്തുവാൻ നമുക്കു സാധ്യമല്ലാതെവരും. ഇവിടെ ക്ഷാമമുണ്ടാക്കുന്ന ഭയങ്കര രാക്ഷസി ജനങ്ങളെ ഒട്ടാകെ വിഴുങ്ങുവാൻ ഏറ്റവും അടുത്തിരിക്കുന്നു. അരി ഗവണ്മെണ്ടു കുറച്ചിരിക്കുന്നു. തൊഴിലില്ലായ്മയും ഭവനരാഹിത്യവും ഭക്ഷണക്ഷാമവുംകൊണ്ടു ജനങ്ങൾ വിഷമിക്കുന്നു. ഈ അവസരത്തിൽ വ 0 ലക്ഷം രൂപാ ഭക്ഷ്യാൽപാദനത്തിനു് നീക്കിവച്ചിട്ടുള്ളതു് കൊള്ളാം. എന്നാൽ അതിന്റെ വിനിയോഗം കൂടുതൽ ജനക്ഷേമകരമായി വേണ്ടതാണെന്നാണു് ഞാൻ പറയുന്നതു്. വണ്ടൻമേട്ടിൽ വ൭ ലക്ഷം ഉറപ്പിക ചെലവു ചെയ്യുന്നതിനു് ഗ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Thariyath Kunjithomman]

വമ്മെണ്ട നീക്കിവെച്ചിട്ടുണ്ട്. അവിടെ ഇന്ന കമ്മ്യൂണിസമാണോ ഫേവറിറിസമാണോ, കമ്മ്യൂണലിസമാണോ നടക്കുന്നതെന്ന് എനിക്ക അറിഞ്ഞുകൂടാ. എന്തോ ഒന്ന് കളിഞ്ഞു കിടക്കുന്നുണ്ട്. ഇന്നത്തെ നിലയിലല്ല ഈ പദ്ധതി പ്രവത്തിക്കേണ്ടത്. ഒരു മുന്നമൈൽ സ്ഥലം അതിൽനിന്ന് മാറിവച്ച് അതിൽനിന്ന ഒരു ലക്ഷം എക്കർ സ്ഥലം ഇരുപത്തി അയ്യായിരം കുടുംബങ്ങൾക്ക ര എക്കർവീതം വീതിച്ചുകൊടുക്കുക. ഈ ഇരുപത്തിയഞ്ചു ലക്ഷം ഉറുപ്പികയിൽനിന്ന് ഓരോ ദരിദ്ര കുടുംബങ്ങൾക്കും ഇരുന്നൂറും മുന്നൂറും ഉറുപ്പിക വീതം കൊടുക്കുകയാണെങ്കിൽ അവർ അതുകൊണ്ട കുപ്പയും നെല്ലും ഒക്കെ കൃഷിചെയ്ത വേണ്ടത്ര ആഹാരം ഉണ്ടാക്കിക്കൊള്ളും. അവർ അതിൽ കുടിൽകെട്ടി താമസിച്ചുകൊള്ളും. ഇതുകൊണ്ട അവരുടെ ദാരിദ്ര്യം മാറുകയും ചെയ്യും. ഇങ്ങിനെയാണ് ആ പദ്ധതി പ്രവത്തിക്കേണ്ടതു"എന്നാണ് ഞാൻ പറയുന്നതു. ഇന്നത്തെ നിലക്ക നമ്മുടെ സഹോദരങ്ങളായ ദരിദ്രജനങ്ങളെ വണ്ടൻമേട്ടിലേക്ക അയക്കുകയാണെങ്കിൽ അതു കഷ്ടാൽ കഷ്ടതരമായിരിക്കും. നമ്മുടെ സഹോദരന്മാരായ ദരിദ്രജനങ്ങളും നമ്മുടെ ഇടയിൽ താമസിക്കുന്നവരായ ജനങ്ങളും നമ്മുടെ ഇടയിൽനിന്നമാറി വളരെ അകലെ ഒരു സ്ഥലത്തുപോയി താമസിക്കണമെന്ന പറയുന്നതു വളരെ കഷ്ടമാണ്. അവർ നമ്മുടെ സമീപത്തുതന്നെ കൃഷിചെയ്ത താമസിച്ചു കൊള്ളട്ടെ എന്ന വിചാരിക്കണം. അവരെക്കൊണ്ട നമുക്കും ഗുണമുണ്ടാകും. അവരുടെ ജീവിതസൌകര്യം വർദ്ധിപ്പിക്കണമെന്ന വിചാരത്തോടുകൂടിയാണ് അവരെ ഇവിടെ നിന്ന മാറ്റുന്നതെങ്കിൽ ഒരു ലക്ഷം ഉറുപ്പിക കൊണ്ട കുടുംബം ഒന്നിന ഇരുന്നൂറും മുന്നൂറും ഉറുപ്പികയും മുന്നും നാലും എക്കർ സ്ഥലവുംവീതം കൊടുക്കുവാൻ നാം നോക്കണം. എന്നാൽ മാത്രമേ ഇവിടത്തെ പ്രധാന പ്രശ്നങ്ങളായ വീടില്ലായ്മയും ഭക്ഷണക്ഷാമത്തിനും തൊഴില്ലായ്മക്കും പരിഹാരമുണ്ടാക്കുവാൻ സാധിക്കയുള്ളു. മുമ്പ് ഉണ്ണിത്താന്റെ കാലത്തു കുറെസ്ഥലം ഗവമ്മെണ്ട സാധുജനങ്ങൾക്കായി കൊടുത്തു. അതിൽ ചില സ്ഥലങ്ങൾ ദരിദ്രജനങ്ങൾക്ക കിട്ടി, അവർ കൃഷിചെയ്തുവരുന്നുണ്ട്. എന്നാൽ കുറെ അധികം സ്ഥലം പണക്കാക്കായി കൊടുത്തിട്ടുണ്ട്. ഇങ്ങനെസ്ഥലം കൊടുക്കുന്നതു സാധാരണ പറയുന്നതുപോലെ സാമാന്യജനങ്ങളെ ഉയത്തണമെന്നയഥാത്ഥ ഉദ്ദേശത്തോടുകൂടിയാണെങ്കിൽ എന്തുകൊണ്ട അവക്ക ഉപയോഗമുള്ള സ്ഥലങ്ങൾ കൊടുക്കുന്നില്ല എന്ന ഞാൻ ചോദിക്കുന്നു.

ഇനി ഗതാഗതത്തിന്റെ കാര്യം പറയാം. ഇവിടത്തെ ഗതാഗത സൌകര്യത്തിന്ന ഭീമമായ ഒരു സംഖ്യ അനുവദിച്ചിട്ടുണ്ട്. നമ്മുടെ ജനകീയ ഗവമ്മെണ്ടിനെപ്പറ്റി ഇതിലധികം അവജ്ഞ തോന്നുവാൻ ഇവിടത്തെ റോഡുകളെക്കാൾ പ്രത്യക്ഷമായ ദൃഷ്ടാന്തങ്ങൾ വേറെ വല്ലതും വേണോ? വണ്ടികൾ പുതിയതായിട്ട ഇവിടെ ആവശ്യമില്ല. ഇപ്പോഴും പത്തുനൂറു വണ്ടികൾ വരുത്തുവാൻ ഗവമ്മെണ്ട ഓർഡർ അയച്ചിട്ടുണ്ട്. ആ വണ്ടികളൊന്നും ഇവിടെ വേണ്ട. അതിനു ചിലവാക്കുന്ന പണം കമ്മീഷനായി ജനങ്ങൾക്ക കൊടുക്കുക. എന്നാൽ ജനങ്ങൾക്കും ഗുണമുണ്ടാകും. യാത്രക്കാക്കും ഗുണമുണ്ടാകും. ഇപ്പോൾ നാലഞ്ചു മണിക്കൂറാണ് യാത്രക്കാർ ബസ്സുകാത്തു നിൽക്കുന്നതു. ഗവമ്മെണ്ടിന്റെ ഈ ഏർപ്പാടുകൊണ്ട യാത്രക്കാർ വണ്ടികിട്ടാതെ പത്തും നാൽപതും മൈലാണ് ഇന്ന നടക്കുന്നതു. അതുകൊണ്ട ഗ്യാസ് വണ്ടിവെച്ചു ഓടിക്കാമെന്ന പറയുന്നവക്കൊക്കെ വണ്ടി ഓടിക്കുന്നതിന ഗവമ്മെണ്ട് ലൈസൻസ് കൊടുക്കണം. പ്രൈവറ്റ് വണ്ടികൾ അനുവദിക്കുന്നതായാൽ ധാരാളം പണവും ഗവമ്മെണ്ടിന കിട്ടുന്നതാണ്.

ശ്രീ. സി. വി. ഇയ്യു: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ കമ്മീഷൻ ഉണ്ടെന്ന പറഞ്ഞു. ആ കമ്മീഷൻ ഗവമ്മെണ്ടിന്റെ ഇഷ്ട സേവയിലല്ലെ മെമ്പർമാരെ കിട്ടുവാൻ [illegible] ചോദ്യം ചോദിക്കുന്നതു?

Mr. Speaker. Point of order is not a question to the member. It must be addressed to the Chair. *(Laughter)*

ശ്രീ. തയ്യത്തു് കുഞ്ഞിത്തൊമ്മൻ: എല്ലാ ഡിപ്പാർട്ടുമെണ്ടുകളിലും ഈ കമ്മീഷൻ ഏർപ്പാടുണ്ട്. ഇപ്പോൾ എല്ലാ ഡിപ്പാർട്ടുമെണ്ടുകളിലും കൃഷ്ണണലിസം ഉണ്ട്. അതുപോലെ ടാൻസ്പോർട്ട് ഡിപ്പാർട്ട ഡിപ്പാർട്ടുമെണ്ടിലും ഉണ്ട്. ജനങ്ങൾക്ക യാത്രക്കുള്ള സൌകര്യം ചെയ്തുകൊടുക്കുന്നതുപോലെ വൈദ്യസഹായം കിട്ടാതെ കഷ്ടപ്പെടുന്ന നാട്ടിൻ പുറങ്ങളിലെ ജനങ്ങൾക്ക വൈദ്യസഹായവും ചെയ്തുകൊടുക്കേണ്ടതാണ്. അതിന് അടുത്ത കൊല്ലത്തിൽ ഒരു അറുപതു ഡിസ്പെൻസറികളെങ്കിലും ഗവമ്മെണ്ട സ്ഥാപിക്കേതാണ്. അറുപതു സ്ഥലങ്ങളിൽ ഡിസ്പെൻസറികൾ സ്ഥാപിക്കുവാൻ സാധ്യമല്ലെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ കുറെ ഫ്ളോട്ടിംഗ് ഡിസ്പെൻസറികളെങ്കിലും സ്ഥാപിച്ചാൽ മതി. എങ്ങിനെയായാലും ഭക്ഷണക്ഷാമത്തിനും തൊഴിലില്ലായ്മയ്ക്കും ഭവനരാഹിത്യത്തിനും ഗവമ്മെണ്ട് ഒരു പരിഹാരമുണ്ടാക്കേതു അത്യാവശ്യമാണ്. അതിനു പ്രായോഗികമായ നിലയിൽ ഗവമ്മെണ്ട് പരിശ്രമിക്കണം. ഗവമ്മെണ്ടു് ഈ അപ്രായോഗിക പദ്ധതികൾ സ്വീകരിച്ചുതുകൊണ്ടു് ഇപ്പോഴുള്ള കഷ്ടതകൾ ഒന്നും മാറുവാൻ പോകുന്നില്ല. ഇതിൽനിന്നു സംഖ്യ ഒന്നും കുറക്കേണ്ട ആവശ്യമില്ല. പക്ഷെ അതു വേണ്ട വിധത്തിൽ വിനിയോഗിച്ചാൽ മതി എന്നാണു് എനിക്കു പറയുവാനുള്ളതു്. ജനങ്ങൾക്കു് വെറുപ്പുണ്ടാക്കുന്ന വിധത്തിൽ ഒന്നും പ്രവർത്തിക്കരുതു് എന്നു മാത്രമാണു് എനിക്കു ഗവമ്മെണ്ടിനോടു പറയുവാനുള്ളതു്.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: സർ, ഗവമ്മെണ്ടിന്റെ തൊഴിലായ്മയെ സംബന്ധിച്ചാണു് എനിക്കു രണ്ടു വാക്കു പറയുവാനുള്ളതു്. ഇവിടെ മുതലാളി തൊഴിലാളിത്തർക്കങ്ങൾ ധാരാളമായി ഉണ്ടാകാവണ്ടു്. എന്നാൽ തൊഴിലാളിത്തർക്കങ്ങൾ ധാരാളമായി ഉണ്ടാകാവണ്ടു്. എന്നാൽ തൊഴിലാളികളെ സംരക്ഷിക്കുന്നതിനു ചില നടപടികൾ ഗവമ്മെണ്ടു സ്വീകരിച്ചിട്ടുണ്ടു്. അതിന്റെ ഫലമായിട്ടാണു് ലേബർ ഡിപ്പാർട്ടുമെണ്ടു് ഇവിടെ ഉണ്ടായിട്ടുള്ളതു്. ഈ ലേബർ ഡിപ്പാർട്ടുമെണ്ടിലേക്കു അനുവദിച്ചിട്ടുള്ളതുക തൊഴിലാളികൾക്കു പ്രയോജനകരമായ നിലയിൽ ചിലവാക്കിത്തീർക്കുവാനുള്ള ഒരു നിർദ്ദേശം തരുവാനാണു് ഞാൻ എന്റെ പ്രസംഗംകൊണ്ടു് ഉദ്ദേശിക്കുന്നതു്. ഇന്നു ഈ ഡിപ്പാർട്ടുമെണ്ടിലേക്കു് അനുവദിച്ചിട്ടുള്ള തുക മുഴുവൻ ശമ്പളം ഇനത്തിൽ കൊടുക്കുന്നതായിട്ടാണു് നമുക്കു കാണുവാൻ സാധിച്ചിട്ടുള്ളതു്. അങ്ങിനെ കുറെ ഉദ്യോഗസ്ഥന്മാർ മാത്രം ഉദ്യോഗത്തിലിരിക്കുന്നതുകൊണ്ടു തൊഴിലാളികൾക്കു യാതൊരു മെച്ചവും ഉണ്ടാകുവാൻ പോകുന്നില്ല എന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. തൊഴിലാളികളെ സംരക്ഷിക്കേണ്ടതു ആവശ്യമാണു് എന്നു ഗവമ്മെണ്ടു സമ്മതിച്ചതിന്റെ ഫലമായിട്ടാണു് ഒരു ലേബർ ഡിപ്പാർട്ടുമെണ്ടു് ഇവിടെ ഉണ്ടായിട്ടുള്ളതു്. മുമ്പൊരുകാലത്തു് ഒരു എസ്റ്റേറ്റിൽ മുട്ടകളുടെ ശല്യം വർദ്ധിച്ചിരിക്കുന്നു എന്നു വളരെ പരാതിയുണ്ടായ സമയത്തു് ഒരാൾ പറഞ്ഞു വളരെ അധികം ഉരിതങ്ങൾ മുട്ടകളെക്കൊണ്ടു അനുഭവിക്കുന്ന ആളുകൾക്കു മുട്ടകളുടെ ശല്യം ഇല്ലാതാകുന്നതിനും മുട്ടകളെ കൊല്ലുന്നതിനും ഉള്ള ഒരു യന്ത്രം കണ്ടുപിടിച്ചിരിക്കുന്നു എന്നു് അതുകേട്ട പലരും ആ യന്ത്രത്തിനു അപേക്ഷിച്ചപ്പോൾ അവർക്കു കിട്ടിയ മറുപടി മുട്ടകളുടെ ശല്യമുള്ള ആളുകൾ ഓരോ ചുറ്റികയും, കല്ലും, ചവണയും സൂക്ഷിക്കണമെന്നും മുട്ടകളുടെ ശല്യമുണ്ടാകുമ്പോൾ ചവണകൊണ്ടു മുട്ടയെ എടുത്തു കല്ലിന്മേൽവെച്ചു ചുറ്റികകൊണ്ടു അടിച്ചുകൊല്ലണമെന്നുമാണു്. അതുപോലെയുള്ള ഒരു യന്ത്രമാണു് തൊഴിലാളികൾക്കു കൊടുത്തിട്ടുള്ള ഈ ലേബർ ഡിപ്പാർട്ടുമെണ്ടു്. ഇങ്ങിനെയുള്ള ഈ ഡിപ്പാർട്ടുമെണ്ടുകൊണ്ടു തൊഴിലാളികൾക്കു് ഉപദ്രവമല്ലാതെ ഒരു മേന്മയും ഉണ്ടാകുന്നില്ല.

പ്രധാനമായ കാരണം ഈ ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരായ വ്യക്തികളുടെ യാതൊരു തീർച്ചകളും ഗവമ്മെണ്ടു കൈക്കൊള്ളുന്നില്ലെന്നുള്ളതാണു്. ഈ ഉദ്യോഗന്മാരെ ലേബർ ഡിപ്പാർട്ടുമെൻറിൽ വച്ചുകൊച്ചിരിക്കുന്നതു് തൊഴിലാളികൾക്കു് ഒരു ഡിപ്പാർട്ടുമെൻറും കുറെ ഉദ്യോഗസ്ഥന്മാരും ഉണ്ടെന്നുള്ളതിൽ കവിഞ്ഞു യാതൊരു ഫലവും കാണുന്നില്ല. ഈ ഡിപ്പാർട്ടുമെൻറിലേക്കു ആണ്ടുതോറും കുറെ അധികം തുക തൊഴിലാളികളുടെ പേരും പറഞ്ഞു ഉദ്യോഗസ്ഥന്മാർക്കു ശമ്പളമായി കൊടുക്കുന്നുണ്ടു്. അതുകൊണ്ടു് ഡിപ്പാർട്ടുമെൻറിൽ പ്രവർത്തനം ശരിക്കു നടത്താൻ സാധിച്ചില്ലെങ്കിൽ ഈ ഡിപ്പാർട്ടുമെണ്ടിലേക്കു് ചിലവാക്കുന്ന തുകയെങ്കിലും ഗവമ്മെണ്ടിലേക്കു് ലാഭപ്പെടുത്തുന്നതാണു് ഉത്തമമെന്നു് എനിക്കു തോന്നുന്നു. ൫ ലക്ഷത്തിൽ ചിലവാനം രൂപാ അനുവദിച്ചിട്ടുള്ളതിൽ ൫,൦൦൦ത്തിൽ ചിലവാനം രൂപായാണു് ലേബർ വെൽഫയിനു മാറ്റിവെച്ചിട്ടുള്ളതു്. തൊഴിലാളികൾക്കുവേണ്ടി പ്രവർത്തിക്കാൻ ആത്മാർത്ഥമായും ഉദാരമായും ഗവമ്മെണ്ടു തയ്യാറാകണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഡിമാണ്ടിനെ അനുകൂലിക്കുന്നു.

ശ്രീ. വി. ഗംഗാധരൻ നായർ: സർ, ഏഴു കോടി രൂപ ചിലവാക്കാനുള്ള അധികാരം ഈ ഗവമ്മെണ്ടിനു നൽകുന്ന ഈ സന്ദർഭത്തിൽ ഗവമ്മെണ്ടിന്റെ അലസതയെപ്പറ്റിയും അപ്രാപ്തിയെപ്പറ്റിയും അവരെ അനുസ്മരിപ്പിക്കേണ്ടതു് ആവശ്യമാണെന്നു ശ്രീമാൻ സി. നാരായണപിള്ളയോടൊപ്പം ഞാനും കരുതുന്നു. സർ, സഹകാരിത്വമുക്തികരമായ നടത്തപ്പെടുന്ന എല്ലാ വ്യവസായങ്ങളും കാര്യക്ഷമമായും ഭംഗിയായും നടത്താൻ സാധിക്കുന്നുണ്ടെങ്കിൽ ഏതുകൊണ്ടു ഗവമ്മെണ്ടു നടത്തുന്ന വ്യവസായങ്ങൾ അശ്രദ്ധയോടും ഉത്തരവാദി

LIBRARY ARCHIVES Kerala Legislative Assembly

[Sri. V. Gangadharan Nayar]

തപരഹിതമായും നടന്നുകൊണ്ടിരിക്കുന്നുയെന്നു ഞാൻ ചോദിക്കുന്നു. ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലർ ഇവിടെ അഭിപ്രായപ്പെട്ടുകയുണ്ടായി, ഗവൺമെണ്ടിന്റെ കീഴിൽ നടത്തപ്പെടുന്ന ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ് ഒരു സഹകാര്യവ്യക്തിയുടെ നിയന്ത്രണത്തിലും ഉടമസ്ഥതയിലും നടത്തപ്പെട്ടിരുന്നുയെങ്കിൽ ആദായകരവും കൂടുതൽ ഉപകാരപ്രദവും ആയിരുന്നേനേ എന്നു്. ഈ അഭിപ്രായം ബഹുമാനപ്പെട്ട മെമ്പറന്മാരിൽ മാത്രമല്ല പൊതുജനങ്ങളുടെ ഇടയിലും വന്നുകൂടിയിട്ടുണ്ടു്. പൊതുവെ പറയുകയാണെങ്കിൽ അലസതകൊണ്ടും അശ്രദ്ധകൊണ്ടും പല ന്യൂനതകളും കുഴപ്പങ്ങളും ഗവൺമെണ്ടു സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടുണ്ടെന്നും, ഉണ്ടായിക്കൊണ്ടിരിക്കുന്നുയെന്നും ഉള്ളതിലേക്കു പല തെളിവുകളും ഉണ്ടു്.

സർ, ഇൻഡ്യയുടെ ഇന്നത്തെ സാമ്പത്തികസ്ഥിതി വച്ചു നോക്കുകയാണെങ്കിൽ വ്യവസായങ്ങളുടെ ദേശീകരണംമൂലമല്ലാതെ മറ്റു യാതൊരു മാർഗ്ഗത്തിലൂടെയും ഇൻഡ്യയിലെ ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കയില്ലെന്നുള്ളതു തീർച്ചയാണു്. എന്നാൽ ഗവൺമെണ്ടു പലകാര്യത്തിലും മുതലാളിമാരുടെ സമ്പർക്കവും കൂട്ടുകെട്ടും ആഗ്രഹിക്കുന്നു. മുതലാളിമാരുടെ തോളിൽ കയ്യിടാനും അവരെ സന്തോഷിപ്പിക്കാനും വേണ്ടി പല നന്മകളും അവർക്കു ചെയ്തുകൊണ്ടിരിക്കുന്നു. വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം സഹകാര്യവ്യക്തികൾ നടത്തുന്ന വ്യവസായം, ഗവൺമെണ്ടിന്റെ മുതലയിൽ നടത്തുന്ന വ്യവസായം, ഗവൺമെണ്ടു പങ്കാളിത്തത്തോടുകൂടി നടത്തുന്ന വ്യവസായം ഇങ്ങനെ പലതരം വ്യവസായങ്ങളുമുണ്ടു്. ഈ പറഞ്ഞ ഏതു വ്യവസായത്തിനെ സംബന്ധിച്ചു നോക്കുകയാണെങ്കിലും മുതലാളിമാർ ഗവൺമെണ്ടിനെക്കൊണ്ടു മുതലെടുക്കുന്നതായി കാണാം. രാജ്യക്ഷേമത്തെ മുൻനിറുത്തി വ്യവസായീകരണം മുമ്പോട്ടു കൊണ്ടുപോകുന്നതിനു് ഇന്നത്തെ വ്യവസായനയംകൊണ്ടു സാധിക്കയില്ലെന്നു തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. തൊഴിലില്ലായ്മ നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്തു ദാരിദ്ര്യവും പട്ടിണിയും ഒഴിയണമെങ്കിൽ ഈ രാജ്യം ഒരു വ്യവസായകേന്ദ്രമാക്കണം. രാജ്യം വ്യവസായകേന്ദ്രമാക്കണമെങ്കിൽ അതിലേയ്ക്കു ധാരാളം പണം മുതൽ മുടക്കേണ്ടിവരും. സർ, അതിലേയ്ക്കു നമ്മുടെ രാജ്യത്തുള്ള ധനവാന്മാരെ ഈ കാര്യത്തിൽ പ്രേരിപ്പിക്കുകയോ അല്ലെങ്കിൽ ഒരു കമ്പൽസറി ലോൺ എന്ന നിലയ്ക്കു് അവരുടെ കയ്യിൽനിന്നും പണമെടുത്തു വ്യവസായം ദേശീകരിക്കയോ ചെയ്യേണ്ടതു് രാജ്യക്ഷേമത്തിനു് ആവശ്യമാണെന്നുള്ള കാര്യം ഗവൺമെണ്ടിനെ അനുസ്മരിപ്പിക്കുന്നു. അപ്രോപ്രിയേഷൻ ബില്ലിൽ ഒരു വലിയ തുക ഈ കാര്യത്തിലേക്കു നീക്കിവെച്ചിരിക്കുന്നു. എന്നാൽ ഈ തുക വിനിയോഗിക്കേണ്ടതായ അയിറ്റങ്ങൾ ഏതെല്ലാമാണെന്നും എന്തു കാരണത്താലാണെന്നും ഉള്ള യാതൊരു വിശദാംശങ്ങളും ഫിനാൻഷ്യൽ സെക്രട്ടറിയോ ഫിനാൻസു് മന്ത്രിയോ വെളിപ്പെടുത്തുന്നുമില്ല. പാവപ്പെട്ടവരുടെ കയ്യിൽനിന്നും പണം ഊറ്റിയെടുത്തു വ്യവസായങ്ങളിൽ മൂലധനമിറക്കുന്നതിനേക്കാൾ, പണക്കാരുടെ കയ്യിൽനിന്നും ഞാൻ മുമ്പു പറഞ്ഞ വ്യവസ്ഥയനുസരിച്ചു് എടുക്കുന്നതായിരിക്കും ഉത്തമമായിട്ടുള്ളതു്.

ഗവൺമെണ്ടിന്റെ തൊഴിൽസംബന്ധമായ നയത്തേയും തൊഴിലാളികളോടുള്ള മനോഭാവത്തേയും സംബന്ധിച്ചു് എല്ലാവർക്കും ഒരുവിധം അറിയാവുന്നതുകൊണ്ടു് ഞാൻ കൂടുതലായി പറയണമെന്നു വിചാരിക്കുന്നില്ല. ഗവൺമെണ്ടു സ്ഥാപനങ്ങളിലെ തൊഴിലാളികളോടു തന്നെ ഗവൺമെണ്ടു വ്യക്തമായ ഒരു നയം അനുവർത്തിക്കുന്നില്ലെന്നും തൻമൂലം നാട്ടിൽ പല അസ്വസ്ഥതകൾക്കും ഇടയായിട്ടുണ്ടെന്നുള്ളതും ഞാൻ ഒന്നുകൂടി ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ഉദാഹരണമായി പറയുകയാണെങ്കിൽ സർ, വാട്ടർ വർക്സു് ഡിപ്പാർട്ടുമെൻറിലെ തൊഴിലാളികൾ ഇയ്യിടെ പണിമുടക്കുകയും സത്യാഗ്രഹം നടത്തുകയും ഏതാനും ചിലരെ തൻമൂലം ശിക്ഷിച്ചു ജയിലിൽ ഇടുകയും മറ്റും ചെയ്തു. എന്നാൽ ഈ തൊഴിലാളികളുടെ ശമ്പളം, ബോണസ്സു്, അലവൻസു് ഇവയെപ്പറ്റി ഒരു സ്ഥിരമായ നയം ഗവൺമെണ്ടിനുണ്ടായിരുന്നുയെങ്കിൽ ആ വ്യവസ്ഥയിൽ തൊഴിലാളികൾ പണിമുടക്കുകയില്ലായിരുന്നു. അവർക്കു കൂലി കൂടുതൽ വേണമെന്നും അതല്ലാതെ ജീവിക്കാൻ നിവൃത്തിയില്ലെന്നും മറ്റും പരാതിപ്പെട്ടാൽ അതു് ഒരു വസ്തുനിഷ്ഠമായിത്തീരുകയല്ലാതെ അതു കേൾക്കുന്നതിനു ഗവൺമെണ്ടിനു ചെവിയില്ല. മുതലാളിത്വത്തെ സംരക്ഷിക്കുന്ന ഇന്നത്തെ ഗവൺമെണ്ടു നയമാണു് ഇതിനു കാരണം. ഈ നയം എപ്പോൾ ഗവൺമെണ്ടു് ഉപേക്ഷിക്കുന്നുവോ അപ്പോൾ മുതൽ രാജ്യത്തു സൈരമുണ്ടാകുമെന്നുള്ളതു തീർച്ചയാണു്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഭക്ഷണോല്പാദനത്തിനുവേണ്ടി ഒരു വലിയ തുക ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളതിനുപുറമെ ഫുഡ് പ്രൊഡക്ഷൻ ബോർഡ് എന്ന പേരിൽ കൂടെ ഉദ്യോഗസ്ഥന്മാർക്കുവേണ്ടി മറെറാരു തുകയും ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നു. വനഭൂമി തുണ്ടുതുണ്ടാക്കി ചെറുകൃഷിക്കാർക്ക് അല്ലെങ്കിൽ പാവപ്പെട്ടവർക്ക് പതിച്ചുകൊടുക്കുന്നതുകൊണ്ട് ഈ രാജ്യത്തു ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന് ഒരഭിപ്രായം ഗവൺമെണ്ടിനുണ്ട്. എനിക്ക് ആ അഭിപ്രായത്തോട് അനുകൂലിക്കാൻ നിവൃത്തിയില്ല. കാരണം പണമില്ലാത്തവനു കൃഷിചെയ്യാൻ ഭൂമി കിട്ടിയതുകൊണ്ടു യാതൊരു ഫലവുമില്ല. എന്നാൽ ഭൂമിയും ഗവൺമെണ്ടിൽനിന്നും കൃഷിക്കാവശ്യമുള്ള സഹായധനവും മറെറങ്കിടി ഈ പാവപ്പെട്ടവർക്ക കൊടുത്തിരുന്നുവെങ്കിൽ നമ്മുടെ ഉദ്ദേശം ഏതാണ്ടു സാധിക്കുമായിരുന്നു. എന്നാൽ കുടിക്കുടെ ഭൂമി പതിച്ചുകൊടുക്കുന്നുയെന്നല്ലാതെ കൊടുത്ത ഭൂമിയിൽനിന്നും എത്രത്തോളം കൂടുതൽ വിളവു കിട്ടിയിട്ടുണ്ട് എന്നുള്ളതിനെപ്പററി യാതൊരു അറിവും ആർക്കുമില്ല. അതുകൊണ്ട് വനഭൂമികൾ സഹകരണാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിനു സാധിക്കത്തക്കവണ്ണം ഗവൺമെണ്ട് ഒരു പദ്ധതി ആസൂത്രണംചെയ്യുകയും അതനുസരിച്ചു പ്രവർത്തിക്കാൻ വൈദഗ്ദ്ധ്യമുള്ള ആളുകളുടെ ഉപദേശവും നിർദ്ദേശവും സ്വീകരിച്ചു കഴിയുന്നതും വേഗം കൃഷിയെ വികസിപ്പിക്കയും ചെയ്യേണ്ട അത്യാവശ്യമുണ്ട്. ഒരു കോ-ഓപ്പറേററീവു ബേസിസ്സിലല്ലാതെ രാജ്യവ്യാപകമായ ഈ കൃഷി നടത്താൻ സാധിക്കയില്ലെന്നുള്ളതു പല അനുഭവങ്ങളും കൊണ്ടും തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. സർ, വനങ്ങളിൽനിന്നും ഭൂമി പതിച്ചുകൊടുത്തിട്ടുള്ളതുകൊണ്ട് അവയിൽ ഉണ്ടായിരുന്ന തടികൾ വെട്ടിമുറിച്ചു് ആദ്യകാലം പണമുണ്ടാക്കിയെന്നല്ലാതെ കൃഷിനടത്തുകയോ കൃഷിക്കായി ആരംഭിക്കുകയോ ചെയ്തിട്ടില്ലെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. വിശേഷിച്ചും മദ്ധ്യതിരുവിതാംകൂറിൽ ഈ കാര്യം സുവ്യക്തമാണ്. അതുകൊണ്ട് ഒരു സംഘടിതപ്രവർത്തനംകൊണ്ടല്ലാതെ നമ്മുടെ ഭക്ഷ്യക്ഷാമം പരിഹരിക്കാവുന്നതല്ലെന്നും അതിലേക്ക ഗവൺമെണ്ട് സർവ്വവിധ സഹായസഹകരണങ്ങളും ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

സർ, ഗവൺമെണ്ടുദ്യോഗസ്ഥന്മാരുടെ ചെലവുകളും, അവരുടെ യാത്രകളും, മന്ത്രിമാരുടെ ചെലവുകളും, അവരുടെ യാത്രകളും ഇവ എല്ലാംതന്നെ ഈ രാജ്യത്തെ ബന്ധാരത്തെ വളരെ ശോഷിപ്പിക്കത്തക്കനിലയിൽ വളരെ കയ്യഴിഞ്ഞുള്ള ചെന്നാണെന്ന ആക്ഷേപം ഇന്നു രാജ്യത്തിൽ ധാരാളമായുണ്ട്. അതു ഗവൺമെണ്ടു നല്ലതുപോലെ അറിയേണ്ട ഒരു സംഗതിയാണ്. ഈ എക്സ്ട്രാവഗൻസ് നമുക്ക് അനുവദിക്കാൻ നിവൃത്തിയില്ല. പണം വളരെ ചുരുക്കി ചെലവാക്കുന്നമെന്നും റിട്രെഞ്ചുമെൻറു വളരെ ആവശ്യമാണെന്നും മറും ഉപദേശിക്കുന്ന ഗവൺമെണ്ടും മന്ത്രിമാരുംതന്നെ വളരെ ധാരാളമായി പണം കണ്ടമാനം ചിലവാക്കുന്നുണ്ടെന്ന ധാരണ ജനങ്ങളുടെയിടയിൽ വരുത്തിക്കുവാൻ പ്രവർത്തിക്കുന്നതു വിവേകശൂന്യമാണെന്നു ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

സർ, ഫയലുകളുടെ തീമസത്തെപ്പററിയും അതുപോലെതന്നെ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥയെപ്പററിയും ശ്രീ. സി. നാരായണപിള്ള അവർകൾ വളരെ ദീർഘമായി പ്രസ്താവിച്ചതുകൊണ്ട് അതേപ്പററി വളരെയൊന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ എനിക്ക് ഈ മന്ത്രിസഭയോടു ചോദിക്കുവാനുള്ളതു് ഇവിടത്തെ ഉദ്യോഗസ്ഥന്മാർ മന്ത്രിമാരുടെ മേലാണോ താഴെയാണോ എന്നാണ്. ഏതായാലും ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുവാനുള്ള ശേഷി ഈ മന്ത്രിസഭയ്ക്കില്ലെന്നാണ് കോൺഗ്രസ്സുകാർതന്നെ അഭിപ്രായപ്പെട്ടതു്. അക്കാരണത്താൽ ഈ മന്ത്രിമാർ നിശ്ചയമായും അവരുടെ സ്ഥാനം ഒഴിയുകയാണു് നല്ലതെന്നു് അവരെ ഉപദേശിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു.

Mr. Speaker: That is not a matter which has any relation to the Appropriation Bill.

ശ്രീ. വി. ഗംഗാധരൻ നായർ: കൂടുതലായി ഒന്നുംതന്നെ പറയണമെന്നു വിചാരിക്കുന്നില്ല. ഏഴു കോടി രൂപ ചെലവാക്കുവാനുള്ള ശേഷി ഈ ഗവൺമെണ്ടിനില്ല. ഈ ശേഷിക്കുറവു പരിഹരിക്കുവാൻ അവർ ആത്മാർത്ഥമായി പരിശ്രമിക്കുന്നില്ലെങ്കിൽ അവർ ഈ സ്ഥാനം ഒഴിയണമെന്നാണ് എനിക്കു വീണ്ടും അവരോടു് അഭ്യർത്ഥിക്കുവാനുള്ളതു്.

Sri. P. Balakrishnan Tampi: May I ask the Hon'ble Minister whether he wants to take advantage of the suggestion given by the hon'ble member?

ശ്രീ. എ. ജെ. ജോൺ: സർ, ഇവിടെ ഉന്നയിച്ച ചില സംഗതികളെപ്പററി ചുരുക്കത്തിൽ ചിലതു് ഇവിടെ പ്രസ്താവിക്കണമെന്നു മാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ. ചില

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. J. John]

ഡിപ്പാർട്ട്മെൻറുകൾക്ക് 20 ലക്ഷം, 25 ലക്ഷം എന്നീ കണക്കിനു് ലമ്പ് എമൗണ്ട്സ് അനുവദിച്ചതിനെപ്പറ്റിയുള്ള വിശദാംശങ്ങൾ അറിയാൻ പാടില്ലെന്നു ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള പറയുകയുണ്ടായി. ബഡ്ജറ്റിനെപ്പറ്റി ചർച്ചചെയ്യുമ്പോൾ അതേപ്പറ്റി വളരെ ദീർഘമായി ഇവിടെ പ്രസ്താവിച്ചിട്ടുള്ള സ്ഥിതിക്കു് അതിൽ കൂടുതലായി എന്തെങ്കിലും പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല. പിന്നീടു് അദ്ദേഹം അഗ്രിക്കൾച്ചർ മാന്വൽ വിതരണംചെയ്യുന്നതിൽ പല ക്രമക്കേടുകളും ഉണ്ടെന്നു പറയുകയുണ്ടായി. അതു വരാതെയിരിക്കുന്നതിനു് എല്ലാനടപടികളും ഗവൺമെണ്ടു സ്വീകരിക്കുന്നതാണു്. അതുപോലെതന്നെ നാഞ്ചനാടൻ പ്രദേശങ്ങളിലും കുട്ടനാടൻ പ്രദേശങ്ങളിലും ഈ വളം ശരിയായി വിതരണംചെയ്തില്ലെന്നു പറഞ്ഞു. അതു ശരിയല്ല. കുട്ടനാട്ടിൽ വളം വളരെ കൂടുതലായി വിതരണംചെയ്തിട്ടുണ്ടെന്നു ഗവൺമെണ്ടിനറിയാം. നാഞ്ചനാടിനെപ്പറ്റി ഇപ്പോൾ അതു കൃത്യമായി പറയാൻ സാധ്യമല്ല. എതായാലും അടുത്തകൊല്ലത്തിൽ ഇതുപോലെയുള്ള ക്രമക്കേടുകൾ നാളെ നാട്ടിൽ ഉണ്ടാകാതിരിക്കാൻ ഗവൺമെണ്ടു നടപടികൾ സ്വീകരിക്കുന്നതാണു്. പിന്നീടു് കോസ്റ്റൽ നാവിഗേഷനുവേണ്ടി രണ്ടുലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടെന്നു ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള പറയുകയുണ്ടായി. അതു ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നതു "Coastal Navigation and improvement of ports" എന്നാണു്. തിരുവനന്തപുരത്തെ പോർട്ട് നന്നാക്കുവാൻവേണ്ടിയാണു് ഈ തുക ചേർത്തിരിക്കുന്നതു്.

അടുത്തതായി ശ്രീ. ശിവരാമപിള്ള ഉപ്പുവ്യവസായം ദേശീകരിക്കുന്നതുകൊണ്ടു രണ്ടുലക്ഷം രൂപയുടെ നഷ്ടം ഗവൺമെണ്ടിനു വന്നിട്ടുണ്ടെന്നു പറയുകയുണ്ടായി. അതു ശരിയല്ല. ഉപ്പുവ്യവസായം ദേശീകരിക്കണമെന്നുള്ള ഒരു നയം ഗവൺമെണ്ടിനുണ്ടായിരുന്നു എന്നു് കഴിഞ്ഞകൊല്ലത്തെ ബഡ്ജറ്റു പ്രസംഗത്തിൽ ഞാൻ പറഞ്ഞിട്ടുണ്ടു്. എന്നാൽ ഒന്നരമാസത്തേക്കു് അതിന്റെ സാധ്യതകളെപ്പറ്റി അന്വേഷിക്കുവാൻ ഒരു അസിസ്റ്റൻറു് കമ്മീഷണരെ നിയമിച്ചതല്ലാതെ മറ്റൊന്നുംതന്നെ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ അദ്ദേഹത്തിനു നൽകിയിട്ടുള്ള ശമ്പളം മാത്രമേ നഷ്ടമുള്ളൂ. ബഡ്ജറ്റു തയ്യാറാക്കിയതു ജനുവരിയിലാണു്. അന്നുവരെ ഒരു തുകയും ഇതുസംബന്ധിച്ചു നഷ്ടപ്പെട്ടിട്ടില്ല

പിന്നീടു ശ്രീ. ചിതംബരനാഥനാടാർ മെഡിക്കൽ, പബ്ലിക്ക് ഹെൽത്തു് ഈ ഡിപ്പാർട്ട്മെൻറുകളുടെമേൽ ശരിയായ നിയന്ത്രണം ഇല്ലെന്നും, മിക്ക ആശുപത്രികളിലും മരുന്നും ആഹാരവും കിടക്കാനുള്ള സാധനങ്ങളും ഇല്ലെന്നും പറയുകയുണ്ടായി. അതേപ്പറ്റി എനിക്ക് ഒരു സ്റ്റേറ്റുമെൻറുതന്നെ പുറപ്പെടുവിക്കണമെന്നുണ്ടായിരുന്നു. അതിനുവേണ്ട എല്ലാ സംഗതികളും ചെയ്യുന്നതിനാണു് ലമ്പ് എമൗണ്ട് ബഡ്ജറ്റിൽ ചേർത്തിരിക്കുന്നതു്. ആശുപത്രികളിൽനിന്നു രോഗികൾക്കു് ആഹാരം കുറവായിട്ടാണു് ഇന്നു കൊടുത്തുവരുന്നതെന്നു ഗവൺമെണ്ടിനറിയാം. ഡിസ്ട്രിക്ട് ആശുപത്രികളിൽ ഒരു രോഗിക്ക് 8 ഔൺസ് അരിയും മറ്റുള്ള ആശുപത്രികളിൽ 7 ഔൺസ് അരിയുമാണു് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നതു്. അതിനെ വ്യത്യാസപ്പെടുത്തണമെന്ന ആഗ്രഹം ഗവൺമെണ്ടിനുണ്ടാകയാൽ അതിനെപ്പറ്റി അന്വേഷിക്കുവാൻ ഒരു കമ്മിറ്റിയെ നിയമിക്കയും ആ കമ്മിറ്റിയുടെ റിപ്പോർട്ട് വരുത്തുകയും ചെയ്തിട്ടുണ്ടു്. അതനുസരിച്ചു 6 ഔൺസോ, 5½ ഔൺസോ അരിവീതം ഓരോ രോഗിക്കും കൊടുക്കത്തക്കവണ്ണം നടപടികൾ ഉടൻ സ്വീകരിക്കുന്നതാണു്.

പിന്നീടു് സിദ്ധവൈദ്യത്തിനുവേണ്ടി ഗ്രാൻറു നൽകുന്നില്ലെന്നു പ്രസ്താവിക്കയുണ്ടായി. സിദ്ധവൈദ്യം മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ടനുസരിച്ചു ഗവൺമെണ്ടു് അംഗീകരിച്ചിട്ടുണ്ടു്. സിദ്ധവൈദ്യന്മാർക്കു ഗ്രാൻറുകൊടുക്കണമെന്നു വിവരിച്ചു് യാതൊരു അപേക്ഷകളും എൻറെപക്കൽ ഇതുവരെ വന്നിട്ടില്ലെന്നുമാത്രമേ എനിക്കു് ഇതേസംബന്ധിച്ചു പറയുവാനുള്ളൂ.

ശ്രീ. എ. ചിതംബരനാഥ നാടാർ: அபேட்சை வந்தால் கொடுக்கலாமா ?

ശ്രീ. എ. ജെ. ജോൺ: അപേക്ഷ വന്നാൽ ആലോചിച്ചു വേണ്ടതു ചെയ്യും.

തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള ഉദ്യോഗസ്ഥന്മാരുടെ സ്ഥിരപ്പെടുത്തലുകളെ സംബന്ധിച്ചും ചിലതു പ്രസ്താവിക്കയുണ്ടായി. ഇതുസംബന്ധിച്ചുള്ള ഗവൺമെണ്ടു നയം ഇതിനുമുമ്പു പലപ്രാവശ്യവും വ്യക്തമാക്കിയിട്ടുള്ളതാണു്. സംയോജനത്തിനു മുമ്പുള്ള തിരുവിതാംകൂറിലേയും കൊച്ചിയിലേയും സ്ഥിരപ്പെടുത്തലുകൾ പുനഃപരിശോധനയ്ക്കു വിധേയമാക്കണമെന്നു് ഗവൺമെൻറു തീരുമാനിച്ചിട്ടുണ്ടു്. അതനുസരിച്ചു് ആവശ്യമുള്ള എല്ലാ നടപടികളും ഗവൺമെൻറു സ്വീകരിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നീട് 8 0 ലക്ഷം രൂപ ഇൻഡസ്ട്രിയൽ കൺസേൺസിന്റെ ഷെയറുകൾ എടുക്കുന്നതിനായി ചിലവാക്കുന്നുണ്ടെന്നു് പറയുകയുണ്ടായി. ഇതിൽ 5 ൽ ലക്ഷം 'രൂപ മോണോസൈറ്റ ഫാക്ടറിക്കായിട്ടു് ഈ ഗവണ്മെന്റ ചിലവാക്കാൻ തീരുമാനിച്ചിരിക്കയാണു്. ആ ഫാക്ടറിക്കവേണ്ടിയാണു് 5 ൽ ലക്ഷം രൂപ കൊള്ളിച്ചിരിക്കുന്നതു്. ബാക്കിയുള്ള തുക ഇൻഡ്യാഗവണ്മെന്റ് എടുക്കുന്നതാണു്. പിന്നീട് ചില ഇൻഡസ്ട്രിയൽ ഫാക്ടറികൾ പുതുതായി തുടങ്ങണമെന്നു് എന്റെ ബഡ്ജറ്റ പ്രസംഗത്തിൽ ഞാൻ പ്രസ്താവിച്ചിട്ടുണ്ടു്. ഇതിൽ ഓരോന്നിലും വലിയതുകകൾ മുടക്കണമെന്നു് ഗവണ്മെന്റ വിചാരിക്കുന്നില്ല.

ശ്രീ. എ. சிதம்பரநாத நாடார்: தென் திருவிதாங்கூரில் எங்கேயாவது எங்களை உத்தேசித்து ஒரு Factory ஐ கொடுக்கக்கூடாதா?

ശ്രീ. എ. ജെ. ജോൺ: ഫാക്ടറി എവിടെ തുടങ്ങണമെന്ന അവസാനമായി തീരുമാനിച്ചിട്ടില്ല. തെക്കൻതിരുവിതാംകൂറിൽ തുടങ്ങാൻ സൌകര്യമുണ്ടെങ്കിൽ ഗവണ്മെന്റ അതേപ്പറ്റി ആലോചിക്കുന്നതാണു്.

ശ്രീ. സി. നാരായണപിള്ള അവർകൾ ഡെക്രട്ടറിയറ്റിലും മറ്റും ഉണ്ടാകുന്ന കാലതാമസത്തെപ്പറ്റി ഏറ്റവും ശക്തിയായഭാഷയിൽ ചിലതു പ്രസ്താവിക്കുകയുണ്ടായി. മഖ്യതിരുവിതാംകൂറിൽനിന്നുവന്ന ഏതോ ഒരാളിന്റെ ഫയൽ ന 0 കൊല്ലമായി സെക്രട്ടറിയേറ്റിൽ കിടക്കുന്നതായി അദ്ദേഹത്തിനറിയാൻ സാധിച്ചു എന്നു പറയുകയുണ്ടായി. അയാളുടെ പേർ എന്റെ അടുത്തു പറഞ്ഞിരുന്നുവെങ്കിൽ ആ ഫൈൽ കണ്ടുപിടിച്ചു് അതിൽ എന്തുചെയ്യാൻ സാധിക്കുമെന്നു നോക്കാമായിരുന്നു. അങ്ങിനെ ഫയൽ കിടപ്പുള്ളതായി ഗവണ്മെണ്ടിനു് അറിഞ്ഞുകൂടാ. കുറെ കാലതാമസം സെക്രട്ടറിയറ്റിൽ ഉണ്ടായിരുന്നു. അതു തീർക്കുന്നതിനുള്ള നടപടികൾ ഗവണ്മെന്റ സത്വരമായി എടുത്തുവരികയാണു്.

Sri. P. Balakrishnan Tampi: Are the Government aware that such files ought to be handed over the Archaeological Department?

ശ്രീ. എ. ജെ. ജോൺ: ആ ഫയലിൽ എന്തെങ്കിലും തീരുമാനം ഉണ്ടാക്കുകയെന്നുള്ളതാണു് അപേക്ഷകന്റെ ആവശ്യം. അതു ആക്കിയോളജിക്കൽ ഡിപ്പാർട്ട്മെണ്ടിനു കൊടുക്കുന്നതുകൊണ്ടു് അപേക്ഷകനു് യാതൊരുഗുണവും ഉണ്ടാകാനില്ല.

ഈ കാലതാമസത്തെക്കുറിച്ചു് എനിക്കു് പറയുവാനുള്ളതു്, കാലതാമസം ഇല്ലാതെയാക്കാൻ ഗവണ്മെണ്ടു സകലശ്രമങ്ങളും ചെയ്യുമെന്നും വേണ്ടിവന്നാൽ സെക്രട്ടറിയേറ്റിൽ ഒരു റീഓർഗനൈസേഷൻതന്നെ നടത്തുവാൻ ഗവണ്മെണ്ടു മടിക്കുകയില്ലെന്നും ആണു് സെൻട്രൽ അസംബ്ലിയിൽ ഇതു സംബന്ധിച്ചു് വാദപ്രതിവാദം വന്നപ്പോൾ ഇതിനു ആവശ്യമുള്ള നടപടികൾ എടുക്കുന്നതാണെന്നു് അവിടത്തെ ഫിനാൻസ്മിനിസ്റ്റർ പ്രസ്താവിക്കയുണ്ടായി.

ശ്രീ. എൻ. പി. വട്ടേരസ്: ഈ കാലതാമസത്തിനുള്ള കാരണം കാവർ സെൻട്രലൈസേഷനല്ലേ?

ശ്രീ. എ. ജെ. ജോൺ: അതും ഒരു കാരണമായിരിക്കും.

പിന്നീട് ശ്രീ. ഗംഗാധരൻനായർ പ്രസ്താപിക്കുകയുണ്ടായി ഈ ഗവണ്മെണ്ടിന്റെ തൊഴിലാളിനയം അശേഷം കാലസ്ഥിതിക്കു് യോജിച്ചതല്ലെന്നു്. അതേപ്പറ്റി എന്റെ ബഡ്ജറ്റ പ്രസംഗത്തിൽ വളരെ വിശദമായി പ്രസ്താവിച്ചിട്ടുണ്ടു്. പിന്നീട മന്ത്രിമാർ യാത്രചെയ്യുന്നതിനെ സംബന്ധിച്ചും ചെലവുചെയ്യുന്നതിനെ സംബന്ധിച്ചും അദ്ദേഹം പരാമർശിക്കയുണ്ടായി. ഇതു സംബന്ധിച്ചു് ഒരു സംഗതി വളരെ വ്യക്തമായി പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മന്ത്രിമാർ എത്രയാത്രചെയ്താലും മാസം ഫ൭ ൪ രൂപ മാത്രമേ അവർക്കു് അലവൻസായി ലഭിക്കുകയുള്ളു. അവർ യാത്ര ചെയ്യുന്നതു അവരുടെ കയ്യിൽനിന്നും പണംകൊടുത്തു പെട്രോൾ വാങ്ങിച്ചാണു്. ഫ൭ ൪ രൂപയിൽ കൂടുതൽ തുകവന്നാൽ അതവരുടെ കയ്യിൽനിന്നു പോകും എന്നു മാത്രമേ എനിക്കു് പ്രസ്താവിക്കുവാനുള്ളു. അതുകൊണ്ടു് അതേപ്പറ്റി പരിഭ്രമജനകമായി ഒന്നും ഉണ്ടാകയില്ല. ഇത്രയുമാണു് എനിക്കു് ഗവണ്മെണ്ടുചെയ്തികളെപറ്റി പ്രസ്താവിക്കുവാനുള്ളതു്. സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ അഭിപ്രായങ്ങളെ ആദരിച്ചു് കാര്യങ്ങൾ നടത്തുവാൻ മന്ത്രിമാർ ആവുംവിധം ശ്രമിക്കുന്നതാണെന്നും ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

ஸ்ரீ. ஏ. சிதம்பரநாத நாடார். State க்கு வெளியில் போவதாகயிருந்தாலும் மந்திரியவர்கள் கையிலிருந்து செலவழிப்பார்களா?

ശ്രീ. എ. ജെ. ജോൺ: അത ലേക്കുള്ള യാത്രച്ചിലവേയുള്ളൂ. മദ്രാസിൽ പോയാൽ ൨ ൫ രൂപയും ഡൽഹിയിൽപോയാൽ ൪൫ രൂപയും ഇവിടെ എവിടെയെങ്കിലും പോ ൧ ൦ രൂപയും മാത്രമാണ് മന്ത്രിമാക്ക ദിവസപ്പടി കിട്ടുന്നതു.

The question that the Appropriation Bill be taken into considriction was put and carried

The question that clauses 1, 2 and 3 stand pat of the Bill was put and carried. Clauses 1, 2 and 3 were added to the Bill

The question that the Schedule stand part of the Bill was put and carried. The schedule was added to Bill

The question that the Preamble siand part of the Bill was put and carried. The Preamble was added to the Bi l

The question that the title stand part of the Bill was put and carried. The Title was a 'ded to the Bill

Sri. A. J. John: Sir, I move that the Bill be passed.

Sri. E. John Philipose: I second it.

Sri. P. T. Chacko: I want to speak on that, Sir.

Mr. Speaker: If any member wants to speak, time will be allowed only till 5 o'clock.

ശ്രീ. പി. ടി. ചാക്കോ: സർ, ഞാൻ ഈ സഭയുടെ മുമ്പാകെയുള്ള പ്രമേയത്തെ അനുകൂലിക്കുന്നു. അതോടുകൂടി ഫണ്ടു പ്രൊഡക്ഷനുവേണ്ടി ഷെഡ്യൂളിൽ നീക്കിവെച്ചിട്ടുള്ള ൨൫,൫൪,൪൦ ൦ രൂപാ ചെലവാക്കുന്നതിൽ ഏർപ്പെടേണ്ട നിയന്ത്രണത്തെപ്പറ്റി രണ്ടുവാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

Mr. Speaker: This is not the second reading. This is the third reading of the Bill. At the third reading details cannot be gone through. The whole Bill may be discussed generally.

Sri. P. T. Chacko: Sir, I am not discussing the details of the Bill, clause by clause I am only speaking about the application of the provisions of the Bill.

ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ചു പ്രൊവയിഡു ചെയ്തിട്ടുള്ള പണത്തിന്റെ നിയന്ത്രണത്തിൽ ഗവണ്മെന്റു പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്നാണ് എനിക്കു പ്രസ്താവിക്കുവാനുള്ളതു. ഈ ബില്ലിന്റെ മുമ്പിലത്തെ വായനയിൽതന്നെ ഫണ്ടു പ്രൊഡക്ഷനുവേണ്ടി നീക്കിവച്ചിട്ടുള്ള പണത്തിന്റെ നിയന്ത്രണത്തെപ്പറ്റി പല ബഹുമാനപ്പെട്ട മെമ്പന്മാരും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. വണ്ടൻമേട്ടിൽ ഒരു പുതിയ പദ്ധതി തുടങ്ങുന്നതിനുവേണ്ടി ഗവണ്മെന്റു ചെലവാക്കുന്ന പണം പ്രയോജനകരമായിത്തീരാത്തതിനെപ്പറ്റി പല മെമ്പന്മാരും ഇവിടെ പ്രസംഗിക്കുകയുണ്ടായി. വണ്ടൻമേട്ടിലെ പുതിയ പദ്ധതിക്കുവേണ്ടി പണം ചെലവാക്കുന്നതു വളരെ സൂക്ഷിച്ചുവേണം. ഈ ബിൽ അനുസരിച്ചു് അതിലേക്കു പണം ചെലവാക്കുമ്പോൾ ചില പ്രത്യേക നിഷ്കർഷകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിലുണ്ടായിരിക്കണമെന്നു ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു. വണ്ടൻമേട്ടിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന സ്ഥലം അനേകമാളുകൾ കൃഷിചെയ്യുവാൻ സാധിക്കയില്ലെന്നു കണ്ടു് ഉപേക്ഷിച്ചിട്ടുള്ളതാണു്. കൃഷിക്കു അശേഷം അനുയോജ്യമല്ലെന്നു ബോദ്ധ്യപ്പെട്ടതിന്റെ ശേഷവും ഈ സ്ഥലങ്ങൾ ഈ പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണു്. അനുവദിച്ചിട്ടുള്ള സ്ഥലത്തിൽ നാലായ്യായിരം ഏക്കർ വെറും മാൻഡുസു് ഒഴിച്ചു് ബാക്കിയുള്ള സ്ഥലങ്ങൾ പലരീതിയിൽ കൃഷി ചെയ്യാൻ ശ്രമിച്ചിട്ടു് അതു സാധിക്കാതിരിക്കയാണെന്നുള്ള വസ്തുത ഗവണ്മെന്റു അറിയണമെന്നു് എനിക്കഭിപ്രായമുണ്ടു്. പീരുമേട്ടു താലൂക്കു കച്ചേരിയിൽനിന്നും ലേലം ചെയ്തു കൊടുത്തസ്ഥലം ഒഴിച്ചു്.....

Mr. Speaker: Is the member opposing the Bill or supporting it?

Sri. P. T. Chacko: I am supporting it, Sir.

Mr. Speaker: The member will confine his remarks in general in support of the Bill without going into particular details.

Sri. P. T. Chacko: I am only talking about the general application of the Bill.

The question that the Bill be passed was put and carried. The Bill was passed.

LIBRARY ARCHIVES Kerala Legislative Assembly

Sri. A. Thanu Pillai: In regard to the number of the Act, I would like to ask whether it is to be numbered in the series of Acts or is it to be as the first Appropriation Act

Sri. A. J. John: The Act is to be the Appropriation Act of 1950.

Sri. A. Thanu Pillai: Sir, generally in the case of Acts, we give serial numbers. Is it to be numbered separately as No. I Appropriation Bill?

Sri. A. J. John: In the title of the Bill it is stated "This Act may be called the Travancore-Cochin Appropriation Act (No.), 1950."

The House adjourned at 5 p. m. and to meet again at 5-30 p. m. with Mr. Deputy Speaker in the Chair

Public Safety Measures Bill *(contd.)*

ஸ்ரீ. ஸ்ரீ. வி. தாஸ்: எனது திருத்தப் பிரேரணை,

"In Clause 4 (1) delete 'or for providing accommodation for officers or servants of the Government or for specific persons or classes of persons or for holding of public offices, the Government by order in writing requisition any property movable or immovable...." and for the deletion of Sub-clauses (2), (3), and (4).

இதற்குக் காரணமுண்டு. ஸ்ரீ. பி. எஸ். நடராஜபிள்ளைக்குச் சொந்தமான சுமார் 45 ஏக்கர் விஸ்தீரணமுள்ள நிலத்தை அன்று நிலவிலிருந்த சர்க்கார் அநியாயமான முறையில் எடுத்துக்கொண்டதை இங்கு ஞாபகப்படுத்திக்கொள்கிறேன். இந்தமாதிரி ஒரு நடவடிக்கையை அந்த எதேச்சாதிகார அரசாங்கம் செய்தது. இப்போது நிலவில் இருக்கிறது மக்கள் அரசாங்கம். ஒரு பெரிய ஜனஸ்தாபனம் எந்த முறையிலும் மக்களுடைய நியாயமான உரிமைகளையும் புறக்கணிக்காமல் நியாயமான முறையில் செய்யும் என்று நினைத்தோம். ஆனால் இப்போது நடப்பது அப்படியல்ல. ஸர், போன தேர்தலின்போது ஆலப்புழையில் எதோ ஒரு பெரிய வியாபாரி அங்குள்ள ஸ்டேட் காங்கிரசுக்கு எதோ ஒரு காரியத்திற்கு ஒரு நல்ல சம்பாவனை செய்யாததினால் அந்த வியாபாரியின் கடைக்கு முன்னால் ஒரு பெரிய பாலத்தை எழுப்பினார்கள். அது இக்கடையின் அழகையும் கெடுத்து, வியாபாரத்தையும் குறைத்துவிட்டது. இதுபோன்ற காரியங்களைப் பார்த்தால், தன்னிடம் அதிகாரம் எந்தந்த அளவில் இருக்கிறதோ அதைத் தன்னுடைய எதிரிகளின்மேல் பிரயோகிக்க நமது மந்திரிசபை இருக்கிறது என்று நான் நினைக்கிறேன். ஸ்டேட் காங்கிரஸ் தனது எதிரிகளின்மேல் இந்தமாதிரியெல்லாம் நடவடிக்கைகள் எடுத்துக் கொண்டிருக்கும்போது, இப்போது இந்தமாதிரி ஒரு சட்டத்தையும் ஏற்படுத்திவிட்டால் என்னதான் இச்சர்க்கார் செய்யாது என்று நாங்கள் பலமாகச் சந்தேகிக்கிறோம்.

கிளாஸ் 4 முதல் உப வகுப்பில் சொல்லி இருக்கிறது,

'or for providing accommodation for officers or servants of the Government or for specific persons or for holding of public offices, the Government by order in writing requisition any property movable or immovable etc.' என்று சொல்லியிருக்கிறது

ஸர், இதிலிருந்து என்ன தெரிகிறதென்றால், உத்தியோகஸ்தர்கள், அல்லது குறிப்பிட்ட மனிதர்கள், இவர்களுக்குத் தங்கவும், தங்களது ஆபீசை அமைத்துக் கொள்ளவும் எந்த கட்டிடத்தையும் அரசாங்கத்திற்கு எடுத்துக்கொள்ளலாம் என்று இந்த உபவகுப்பு கூறுகிறது. அரசாங்க உத்தியோகஸ்தர்களைக் குறைத்து ஆகிச் சிலவைக் குறைக்கப்போகிறோம் என்று சொல்கிறீர்கள். இந்த மசோதாவில் உத்தியோகஸ்தர்கள் தாமசிக்க கட்டிடங்கள் வேண்டுமென்று சொல்வதைப் பார்த்தால் மேலும் உத்தியோகஸ்தர்களை நியமிக்கப்போகிறீர்கள் என்றும் புலப்படுகிறது. இந்தமாதிரி ஒரு சட்டத்தைக் கொண்டுவருவதற்கு முன் மக்களின் அபிப்பிராயத்தைத் தெரிந்துகொள்வது எல்லா முன்னேற்ற நாடுகளின் கொள்கை. ஆனால் இங்கு வேறு விதம். மக்கள் ஆகி என்று சொல்லி மக்களுக்குப் பாதகமாக காரியங்கள் செய்வது தான் நமது ஜனநாயக சர்க்காரின் கொள்கை.

ஸர், நல்ல வசதியான கட்டிடங்களில் Public Offices இருக்கவேண்டுமென்பது எல்லோரும் ஒப்புக்கொள்ளக்கூடிய விஷயந்தான். ஆனால் இவ்வகுப்பில் சொல்வது பொதுக் கட்டிடங்களைக் கட்டுவதற்கு யாருடைய நிலத்தையும் அரசாங்கத்திற்கு

LIBRARY ARCHIVES Kerala Legislative Assembly